## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 4** **28.01.2019 -ൽ മറുപടിക്ക്.**

# റേഷൻ വിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**,, റോഷി അഗസ്റ്റിൻ**<br>**,, സി.എഫ്.തോമസ്**<br>**ഡോ.എൻ. ജയരാജ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ വിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ പഴകിയതും ഉപയോഗശൂന്യമായതുമാണെന്ന പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | **(എ)** ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് സത്വര പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| **(ബി)** എങ്കിൽ ഇവ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;<br><br>**(സി)** റേഷൻ വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ സംഭരണം നിലവിൽ എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | **(ബി) യും (സി) യും** സംസ്ഥാനത്തെ എഫ്.സി.ഐ ഗോഡൗണുകൾ മുഖേന ലഭിക്കുന്ന അരിയും ഗോതമ്പും കൂടാതെ സപ്ലൈകോ നെല്ല് സംഭരണം മുഖേന ലഭ്യമാക്കുന്ന കുത്തരി (സി.എം.ആർ)യുമാണ് റേഷൻ വിതരണ ത്തിനായി ഉപയോഗിക്കുന്നത്. എഫ്.സി.ഐ. യിലെയും സപ്ലൈകോയിലെയും ശാസ്ത്രീയമായി പരിശോധിക്കാൻ പരിശീലനം ലഭിച്ച ഗുണനിലവാര പരിശോധകരാണ് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. പരിശോധനയ്ക്കു ശേഷം ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പു വരുത്തിയിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് വിതരണത്തിനായി ലഭ്യമാക്കുന്നത്. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് വിട്ടെടുക്കുന്നതിന് മുൻപായി അതതു ജില്ലാ സപ്ലൈ ഓഫീസർമാർ ഗുണനിലവാരമുള്ള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും സപ്ലൈകോ മുഖാന്തിരം വിട്ടെടുത്ത് സപ്ലൈകോയുടെ പി.ഡി.എസ് ഗോഡൗണുകളിൽ സംഭരിക്കുകയും ചെയ്യുന്നു. ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് മുതൽ റേഷൻ കടകളിലേക്കുള്ള വാതിൽപ്പടി വിതരണം വരെയുള്ള പ്രവൃത്തികൾ നോഡൽ ഏജൻസിയായ സപ്ലൈകോയാണ് നിർവ്വഹിക്കുന്നത്. |

എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പിളുകൾ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. നെല്ല് കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ അരിയാക്കി ഗുണനിലവാരം പരിശോധിച്ച് മില്ലിൽ നിന്നും കരാറുകാർ മുഖേന വിട്ടെടുത്ത് പി.ഡി.എസ് ഗോഡൗണുകളിൽ സംഭരിക്കുന്നു. ഈ രീതിയിൽ ഏകദേശം 225 ഗോഡൗണുകൾ 75 താലൂക്കുകളിലായി പ്രവർത്തിച്ചു വരുന്നുണ്ട്.

പി.ഡി.എസ്. ഗോഡൗണുകളുടെ പ്രവർത്തനത്തിന് പ്രാരംഭഘട്ടത്തിൽ കണ്ടെത്തിയ ഗോഡൗണുകൾ പിന്നീട് മതിയാകാതെ വന്ന സാഹചര്യത്തിൽ ഒരു താലൂക്കിന് ഒന്നിലധികം ഗോഡൗണുകൾ കണ്ടെത്തേണ്ടി വന്നു. ഇത് മൂലം റേഷൻ വിതരണത്തിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മതിയായ സ്ഥലസൗകര്യത്തോടെ ഒരു താലൂക്കിന് ഒരു ഗോഡൗൺ എന്ന രീതി അവലംബിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തി സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നുണ്ട്. കൂടാതെ എല്ലാ റേഷൻകടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യവിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തുന്നുമുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ട് ഒരു കാരണവശാലും ഗുണനിലവാരം കുറഞ്ഞതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകുകയും നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് നിരന്തരം നിരീക്ഷിക്കുന്നുമുണ്ട്.

**സെക്ഷൻ ഓഫീസർ**